DESPATCHED
On...19/05/2020

S.2001
31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 2980(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 15346/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അനിൽകുമാർ ബി.,
അറപ്പുരയിൽ വീട്, കോട്ടയ്ക്കകം,
പെരിനാട് പി.ഒ.,
കൊല്ലം – 691 601
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
എൻ.സി.സി ഡയറക്ടറേറ്റ് (കേരളം & ലക്ഷദ്വീപ്),
സംസ്ഥാന വിഭാഗം, തിരുവനന്തപുരം – 695 010.

അപ്പീൽ അധികാരി,
എൻ.സി.സി ഡയറക്ടറേറ്റ് (കേരളം & ലക്ഷദ്വീപ്),
സംസ്ഥാന വിഭാഗം, തിരുവനന്തപുരം – 695 010.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 08.10.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.10.2018 |
| ഒന്നാം അപ്പീൽ | 31.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 07.12.2018 |
| രണ്ടാം അപ്പീൽ | 23.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിരങ്ങളാണ്.

1) എൻ.സി.സി. ഡയറക്ടറേറ്റിലെ സംസ്ഥാന വിഭാഗം നിലവിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക വഹിക്കുന്ന ഉദ്യോഗസ്ഥയുടെ നിയമനം ഏതു കാറ്റഗറിയിൽ ഏതു വർഷമായിരുന്നു എന്ന വിവരം ലഭ്യമാക്കുക.

2) നിലവിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഉദ്യോഗസ്ഥ സർക്കാർ സർവ്വീസിൽ കയറിയത് Compassionate Employee Scheme, ആശ്രിത നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വ്യവസ്ഥ, നേരിട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഏതു തരത്തിലാണെന്ന വിവരം ലഭ്യമാക്കുക, എന്നിങ്ങനെയുള്ള 8 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭ്യമായ മറുപടിയിൽ ടിയാൻ സമർപ്പിച്ച മറ്റ് രണ്ട് വിവരാവകാശ അപേക്ഷയ്ക്കും കൂടിയുള്ള മറുപടി ഒന്നിച്ചു തയ്യാറാക്കി നൽകി എന്നും, ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ല എന്നും, എതിർകക്ഷി നിയമവിരുദ്ധ മായ മറുപടിയാണ് നൽകിയിട്ടുള്ളത് എന്നും പരാതിപ്പെട്ടുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ സ്വീകരിച്ച അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി എസ്.പി.ഐ.ഒ. യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും 24.11.2018 തീയതി എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ 20.09.2018 ലെ അപേക്ഷയ്ക്കും 08.10.2018 ലെ അപേക്ഷ യിലെ വിവരങ്ങൾക്കുമായി ടിയാന്റെ സൗകര്യാർത്ഥം ടി ഓഫീസിൽ നേരിട്ടെത്തി പരിശോധിച്ച് ആവശ്യമായ വിവരം ശേഖരിക്കാൻ അപ്പീൽ ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നാണ്. 29.09.2018 ലെ അപേക്ഷയിൽ വകുപ്പ് മേധാവിയെ സംബന്ധിച്ചുള്ള വിവരങ്ങളായതിനാൽ സെൻട്രൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എൻ.സി.സി. കേന്ദ്ര വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യ മാക്കാവുന്നതാണ് എന്നുകൂടി അറിയിച്ചിരുന്നു.

3. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. ആയതിൽ പ്രധാനമായും അറിയിക്കുന്നത്, ആവശ്യപ്പെട്ട വിവരങ്ങൾ/പകർപ്പുകൾ സൗജന്യമായി ലഭ്യ മാക്കണമെന്നും തെറ്റായ വിവരം നൽകിയ എസ്.പി.ഐ.ഒ.യ്ക്കെതിരെ ശിക്ഷാനടപടി സ്വീകരി ക്കണമെന്നുമാണ്.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർ വിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത റിപ്പോർട്ടിനൊപ്പം ടിയാന്റെ 08.10.2018 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് അക്കമിട്ട് മറുപടി തയ്യാ റാക്കി സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത മറുപടിയുടെ പകർപ്പ് അപ്പീൽ ഹർജിക്കാരന് അയച്ചു നൽകിയതായും അറിയിക്കുന്നുണ്ട്. മേൽ പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 100 ലധികം വിവരാ വകാശ അപേക്ഷകൾ ആണ് ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ളത് എന്നും വിവരാവകാശ അപേക്ഷ യിന്മേൽ ജോലി ഭാരം ലഘൂകരിച്ച് സർക്കാരിന്റെ മറ്റ് ജോലികൾ ചെയ്യുന്നതിനുള്ള സമയം കണ്ടെ ത്തുന്നതിന് വേണ്ടിയും ടിയാന്റെ സൗകര്യാർത്ഥം ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനുള്ള സദുദ്ദേശത്തോടു കൂടിയാണ് വിവരങ്ങൾ ഓഫീസിൽ വന്ന് ശേഖരിക്കുവാൻ ആവശ്യപ്പെട്ടത് എന്നും ടിയാന് വിവരങ്ങൾ ഒന്നും തന്നെ നിഷേധിച്ചിട്ടില്ല എന്നുമാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ എസ്.പി.ഐ.ഒ. 24.08.2018 ന് നൽകിയ മറുപടി നിയമാനുസൃതമല്ല എന്ന് കമ്മീഷൻ വിലയി രുത്തുന്നു. 08.10.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകുന്നതിന് പകരം

മറ്റ് രണ്ട് അപേക്ഷയ്ക്കുള്ള മറുപടിയും ഒന്നിച്ചു ചേർത്ത് നൽകിയത് നിയമത്തോടുള്ള അവഹേളനവും അനാദരവുമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. 08.10.2018 തീയതിക്കുള്ള വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി മാത്രം നൽകുന്നതിന് പകരം മറ്റ് രണ്ട് അപേക്ഷയ്ക്കുള്ള മറുപടി കൂടി പ്രസ്തുത മറുപടിക്കൊപ്പം തയ്യാറാക്കി തപാൽ ചെയ്ത ഒന്നാം എതിർകക്ഷിയുടെ നടപടി ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും നിയമത്തിന്റെ ലംഘനവുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുതതിയ എസ്.പി.ഐ.ഒ. ശ്രീമതി ഷാനി എസ്.ജെ യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽ ഹർജിക്കാരന്റെ 08.10.2018 തീയതിയിലെ വിവരാവകാശ അപേക്ഷക്ക് 25.10.2019 തീയതി ഒരു മറുപടി തയ്യാറാക്കി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും, ആയതിന്റെ പകർപ്പ് ടിയാന് അയച്ചു നൽകിയതായും അറിയിക്കുന്നുണ്ട്. എങ്കിലും പ്രസ്തുത മറുപടി അപ്പീൽ ഹർജിക്കാരന് ലഭ്യമായിട്ടുണ്ടോ/ഇല്ലയോ എന്നറിയാത്ത സാഹചര്യത്തിൽ മേപ്പടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ടിയാന് സൗജന്യമായി അയച്ചു നൽകേണ്ടതും വിവരം യഥാസമയം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMAT